പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4775</u>  <u>27.10.2016-ൽ മറുപടിയ്ക്ക്</u>

# നാഷണൽ ഹൈവേകളിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| **(എ)** റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ; | **(എ)** ദേശീയപാതകളുടെ റോഡ് സേഫ്റ്റി ഓഡിറ്റിംഗ് നടത്തി ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>നിലവിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിലുള്ള പൊതു മരാമത്ത് (ദേശീയപാത) ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ദേശീയപാത 212-ലെ 76/000 to 107/000 സ്ട്രെച്ച്, റോഡിൽ റോഡു മാർക്കിംഗ്, കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിനുള്ള സീബ്രാ ലൈൻ എന്നിവ ചെയ്യുന്നതിനു വേണ്ടിയുള്ള 3,66,038/- രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ പ്രസ്തുത പ്രൊപ്പോസൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിലാണ്. അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| **(ബി)** നാഷണൽ ഹൈവേകളിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ സുരക്ഷിതത്വം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ; ആയത് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | **(ബി)** ദേശീയപാതയിൽ ബംപുകൾ അപകട കാരണമാകയാൽ കേന്ദ്രമന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ ഇവ സ്ഥാപിക്കാനനുവാദമില്ല. |

സെക്ഷൻ ഓഫീസർ